**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 53** **07-06-2021 - ൽ മറുപടിയ്ക്ക്**

**പുതിയ കുടുംബകോടതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | Go(Ms)No.38/2021/Home തീയതി 11.2.2020 പ്രകാരം സംസ്ഥാനത്ത് അഞ്ച് കുടുംബകോടതികൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുള്ളതുപ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | G.O(Ms)No.38/2021/Home തീയതി 11.2.2021 പ്രകാരം സംസ്ഥാനത്ത് കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പരവൂർ (കൊല്ലം) എന്നീ സ്ഥലങ്ങളിൽ കോടതികൾ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് അവശ്യ തസ്തികകൾ അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിന്മേൽ കുടുംബകോടതികൾ ആരംഭിക്കുന്നതിനു സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോടതികൾ പ്രവർത്തിക്കുന്നതിനായി കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് അതാത് ജില്ലാ ജഡ്ജിമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതിന്റെ പുരോഗതി ഹൈക്കോടതി നിരീക്ഷിച്ചു വരികയാണെന്നും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |
| (ബി) | കുടുംബ കോടതികൾ ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | G.O(Ms)No.38/2021/Home തീയതി 11.2.2021 പ്രകാരം സംസ്ഥാനത്ത് കുന്നംകുളം, നെയ്യാറ്റിൻകര, അടൂർ, പുനലൂർ, പരവൂർ (കൊല്ലം) എന്നീ സ്ഥലങ്ങളിൽ കോടതികൾ പ്രവർത്തനം ആരംഭിക്കുന്ന മുറക്ക് അവശ്യ തസ്തികകൾ അനുവദിക്കുന്നതാണെന്ന വ്യവസ്ഥയിന്മേൽ കുടുംബകോടതികൾ ആരംഭിക്കുന്നതിനു സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കോടതികൾ പ്രവർത്തിക്കുന്നതിനായി കെട്ടിടങ്ങൾ കണ്ടെത്തുന്നതിന് അതാത് ജില്ലാ ജഡ്ജിമാർക്ക് നിർദ്ദേശം നല്കിയിട്ടുള്ളതും ആയതിന്റെ പുരോഗതി ഹൈക്കോടതി നിരീക്ഷിച്ചു വരികയാണെന്നും ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച ഹൈക്കോടതി രജിസ്ട്രാറുടെ റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ